പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1157 14.06.2012 ൽ മറുപടിക്ക്

# പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ,<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള എത്ര റോഡുകളുടെ പണികളാണ് നടന്നു വന്നിരുന്നത്; ഇതിൽ എത്ര റോഡുകളുടെ പണി നിറുത്തി വച്ചിട്ടുണ്ട്; ഇവ നിർത്തി വയ്ക്കാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ; | (എ)<br>കെ.എസ്.ടി.പി<br>കെ.എസ്.ടി.പി.യുടെ കീഴിൽ വിവിധ ജില്ലകളിലായി 14 റോഡുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിൽ മണ്ണന്തല-തൈക്കോട്, വഴയില-നെടുമങ്ങാട് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾനാട്ടുകാരും ചില രാഷ്ട്രീയ പാർട്ടി നേതാക്കളും ഇടപെട്ട് പ്ലാന്റ് പ്രവർത്തിക്കുവാൻ അനുവദിക്കാതെ തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.<br>ദേശീയപാതാ വിഭാഗം<br>ദേശീയപാതാ വിഭാഗത്തിൽ എൻ.എച്ച് 47, 17, 49, 208, 212, 213, 220, 47എ എന്നിവയിലാണ് പണികൾ നടക്കുന്നത്. പണി നിർത്തിവയ്ക്കേണ്ട സാഹചര്യങ്ങൾ ഇവിടെ ഉണ്ടായിട്ടില്ല.<br>നിരത്തുകളും പാലങ്ങളും<br>ഈ വിഭാഗത്തിനുകീഴിൽ വിവിധ ജില്ലകളിലായി 1814 പ്രവൃത്തികൾ നടന്നു വന്നിരുന്നു. അതിൽ 11 പ്രവൃത്തികൾ വിവിധകാരണങ്ങളാൽ നിറുത്തി വച്ചിട്ടുണ്ട്. രണ്ടു പ്രവൃത്തികൾ കരാറുകാരുടെ അനാസ്ഥമൂലവും 5 പ്രവൃത്തികൾ ലാന്റ് അക്വസിഷൻ നടപടികളിലെ കാലതാമസംമൂലവും 3 പ്രവൃത്തികളുടെ ലാന്റ് അക്വിസിഷനെതിരെയുള്ള കോടതി കേസ്സുമൂലവും ഒരെണ്ണം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള |

| | |
|---|---|
| | സ്റ്റോപ്പ്മെമ്മോമൂലവും നിറുത്തിവച്ചിട്ടുണ്ട്. കണ്ണൂരിലെ ഒരു പ്രവൃത്തി നഗരസഭയിൽ നിന്നും റോഡ് കൈമാറിക്കിട്ടാതിരുന്നതിനാൽ ആരംഭിക്കുവാനും കഴിഞ്ഞിട്ടില്ല. |
| (ബി) വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ നടന്നു വന്ന മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) തടസ്സങ്ങൾ നേരിട്ടിട്ടില്ല. |
| (സി)പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കരാറുകാർക്ക് എന്തു തുക കൊടുത്തു തീർക്കാനുണ്ട്; വിശദമാക്കുമോ? | (സി) പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 236,92,37,067 രൂപയും കെട്ടിട വിഭാഗത്തിൽ 86,79,57,000 രൂപയും ദേശീയപാതാ വിഭാഗത്തിൽ 17,34,08,033 രൂപയും ഉൾപ്പെടെ ആകെ 341,06,02,100 രൂപ കരാറുകാർക്ക് കൊടുത്തു തീർക്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ